
# ***JJ MURPHY MEMORIAL HSS YENDAYAR***



DIGITAL MAGAZINE- 2018-19

# എന്റെ കൂടെ ചിരിക്കാമോ......?



# ആമുഖം

പ്രിയപ്പെട്ടവരെ,

സർവചരാചരങ്ങളുടെയും സ്രഷ്ടാവായ പ്രപഞ്ചനാഥന്റെ നാമത്തിൽ..................................................................

ജെ. ജെ. മർഫി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട്............................................

ഞങ്ങൾക്ക് അറിവും സ്നേഹവും നല്കി വിജയപാതയിലേയ്ക്ക് കൈപിടിച്ചു നടത്തുന്ന ഞങ്ങളുടെ ഗുരുക്കൻമാർക്ക്........................................................

സ്നേഹവും പ്രാർത്ഥനയുമായി ഞങ്ങൾക്കൊപ്പം നിൽക്കുന്ന ഞങ്ങളുടെ മാതാപിതാക്കൾക്ക്.................................................

**നിങ്ങൾക്ക് സമർപ്പിക്കട്ടെ...................**

**സ്നേഹത്തിനും സൗഹൃതത്തിനും**
**പരിക്കേറ്റിരിക്കുന്ന ഇക്കാലത്ത്..........**
**നമ്മുടെ പ്രഭാതങ്ങൾ........................**
**ദുരിതങ്ങളുടെ പകലുകൾക്കും.............**
**ദുസ്വപ്നങ്ങളുടെ രാത്രികൾക്കും............**
**ഇടയിൽ ഞെരിഞ്ഞമർന്നു പോകുന്നു.**
**വകസനത്തിന്റെ പേരു പറഞ്ഞ്**
**ദിനംപ്രതി നാം നമ്മുടെ**
**അമ്മയെ നശിപ്പിക്കുന്നു....................**
**ഇടനെഞ്ച് പിളർന്ന്......................**
**മരിച്ചുകൊണ്ടിരിക്കുന്ന**
**നമ്മുടെ അമ്മയെ**
**നമുക്കോരോരുത്തർക്കും സംരക്ഷിക്കാം.**
**നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പുഞ്ചിരിയുടെയും.....**
**ജീവിതങ്ങളുടെ ഇടയിലും...............................**

**"നമുക്ക് ചിരിക്കാം....കൂടെ നിങ്ങളുമുണ്ടാവില്ലേ.......**
**എന്റെ കൂടെ ചിരിക്കാമോ........................"**

# പ്രധാനാദ്ധ്യാപികയുടെ സന്ദേശം

അറിവ് നേടുന്നതിനൊപ്പം സ്നേഹം, കരുണ, ത്യാഗമനോഭാവം എന്നീ മാനവികഗുണങ്ങൾ ജീവിതത്തിലും പ്രവൃത്തിയിലും പുലർത്തുക.

തിളങ്ങുന്ന നക്ഷത്രങ്ങളാവട്ടെ എല്ലാവരും.....

എല്ലാവിധ ആശംസകളും നേരുന്നു................

**ജേയ്സിലിൻ ജോർജ്**

പ്രധാനാദ്ധ്യാപിക

# Table of Contents


ആമുഖം....1
പ്രിയപ്പെട്ടവരെ,....1
പ്രധാനാദ്ധ്യാപികയുടെ സന്ദേശം....2
ലേഖനം....4
സമൂഹമാധ്യമങ്ങൾ....5
മദ്യം, മയക്കമരുന്ന് - സാമൂഹിക വിപത്ത്....6
എന്റെ ഗ്രാമം....7
മലയാള ഭാഷയുടെ ചരിത്രവും സ്വഭാവവും....8
കഥയരങ്ങ്....9
അണ്ണാൻക്കുഞ്ഞും തന്നാലായത്....10
തെറ്റ് ആരുടേതാണ്?....11
നിധി....12
കവിതാവേദി....13
നിനക്കായി....14
ഭ്രമിതൻ വാക്കുകൾ....15
രാത്രി....16
കടംകഥകൾ....17
കലാകേരളം....19
കലാകേരളം....20
നന്ദി....22

# ലേഖനം

# സമൂഹമാധ്യമങ്ങൾ

വാർത്താവിനിമയ രംഗത്ത് കഴിഞ്ഞ പത്തുവർഷമായി അപ്രതീക്ഷതവും അത്ഭുതാവഹവുമായ പരിവർത്തനങ്ങൾ സംഭിച്ചുകൊണ്ടിരിക്കുകയാണ്.സാമൂഹികം, സാംസ്കാരികം, സാമ്പത്തികം, വിനോദസഞ്ചാരം എന്നിങ്ങനെ നവമാധ്യമങ്ങളുടെ അനുകൂല്യങ്ങൾ മുതലെടുക്കാത്ത മേഘലകൾ ഇന്ന് വിരളമാണ്. വിദ്യാഭ്യാസരംഗത്തും ഇതിന്റെ തരംഗങ്ങൾ അലയടിച്ചു തുടങ്ങി. സംശയനിവാരണത്തിനായും വിവരശേഖരണത്തിനായും വിദ്യാർത്ഥികൾ നവമാധ്യമങ്ങളുടെ സഹായം തേടുന്നു. ഗുരുമുഖത്തുനിന്നും വായ് മൊഴിയായി വിദ്യലഭിച്ചിരുന്ന ഗുരുകുല സമ്പ്രദായം ഇന്ന് പോയി മറഞ്ഞിരിക്കുന്നു. അധ്യാപകർ പഠിപ്പിക്കുന്നത് കുട്ടിക്ക് വീട്ടിൽ ഇരുന്ന് പഠിക്കുവാനും പരീക്ഷ എഴുതുവാനും കൂടുതൽ വിദേശപഠനങ്ങൾക്കായി തയാറെടുക്കുവാനും നവമാധ്യമങ്ങൾ സഹായിക്കുന്നു. ഒഴിവുവേളകൾ ഉല്ലാസപ്രദമാക്കാൻ കളികളും പാട്ടുകളും വീഡിയോ ദൃശ്യങ്ങളും ഉണ്ട്. തീവ്രവാദികളുടെ അക്രമണത്തിന് ഇരയായ മലാല എന്ന പതിനഞ്ചുകാരി പെൺകുട്ടിക്കു വേണ്ടി കാതങ്ങൾ താണ്ടിയും കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും തിരികൾ തെളി്ഞ്ഞത് ഇതിനുദാഹരണമാണ്.

സൂക്ഷമകണികകളുടെ രൂപം, സ്വഭാവം എന്നിവ മനസ്സിലാക്കുന്നതിനും ഗ്രഹങ്ങളുടെയും ഉപഗ്രഹങ്ങളുടെയും ഗതിവേഗം നിർണയിക്കുന്നതിനും വ്യവസായ മേഖലയിലെ കുതിപ്പും കിതപ്പും മനസ്സിലാക്കുന്നതിനുംം നവമാധ്യമങ്ങൾ സഹായിക്കുന്നു.

സുരക്ഷിതത്വം ഇല്ലായ്മ നവമാധ്യമങ്ങളുടെ പ്രധാന കോട്ടമായി ചൂണ്ടികാണിക്കപ്പെടുന്നു.കലാപങ്ങളും മറ്റും മുതലെടുത്ത് സൈബർ യുദ്ധങ്ങൾ നടത്തുന്ന തീവ്രവാദസംഘടനകൾക്ക് വളക്കുറുള്ള മണ്ണായി മാറുകയാണ് നമ്മുടെ നവമാധ്യമങ്ങൾ. ഏതൊരു സാങ്കേതികവിദ്യക്കും ഗുണവും ദോഷവും ഉണ്ട്. അതിനാൽ ഗുണകരമായ വസ്തുതകൾ മാത്രം സ്വീകരിക്കുന്നതാണ് യുക്തം.

# മദ്യം, മയക്കുമരുന്ന് - സാമൂഹിക വിപത്ത്

ആധുനിക സമൂഹത്തെ കാർന്നു തിന്നുന്ന മഹാവിപത്താണ് മദ്യവും മയക്കുമരുന്നും. തമാശക്കുവേണ്ടിയോ, മാനസിക പിരിമുറുക്കം കുറക്കുന്നതിനോ, സന്തോഷം പങ്കിടുന്നതിനു വേണ്ടിയോ തുടങ്ങുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു വ്യക്തിയെ മാത്രമല്ല സമൂഹത്തെ തന്നെ നാശത്തിലേക്ക് നയിക്കുന്നു. അനുദിനം വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളോടുള്ള താൽപര്യവും ഉപയോഗവും ക്രൂരകൃത്യങ്ങൾ വർദ്ധിക്കുന്നതിനും കുടുംബബന്ധങ്ങൾ ശിധിലമാക്കുന്നതിനും കാരണമാകുന്നു.

മദ്യപിച്ച് വാഹനമോടിക്കൽ, പൊതുസ്ഥലത്ത് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കൽ, ലഹരി വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് സ്ത്രീകളോട് മോശമായി പെരുമാറൽ, ഇത് പൊതു സമൂഹത്തിൽ വളരെ അപകടകരമായ സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ലഹരി വസ്തുക്കളുടെ ഉപയോഗം മാരകരോഗങ്ങൾക്ക് അടിമയാക്കും എന്നുള്ളത് വസ്തുതയാണ്.

ആരോഗ്യസംരക്ഷണത്തിലും സാക്ഷരതയിലും മുന്നിൽ നില്ക്കുന്ന നമുക്ക് അറിയാം മദ്യവും മയക്കമരുന്നും അപകടമാണെന്നറിഞ്ഞിട്ടും അത് ഉപയോഗിക്കുന്നുവെങ്കിൽ നമുക്ക് അറിവ് മാത്രമേയുള്ളു, തിരിച്ചറിവില്ല എന്ന് നാം മനസ്സിലാക്കണം. ഇന്ന് കേരളത്തിൽ അറിവുള്ളവരും അറിവില്ലാത്തവരും ഒരുപോലെ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു എന്നുള്ളത് വളരെ അപകടകരമായ സൂചനയാണ്.

നമുക്ക് നമ്മുടെ തലമുറയെ രക്ഷിക്കാം. നമുക്ക് ലഹരി വസ്തുക്കൾ ഉപേക്ഷിക്കാം. നമ്മുടെ കുടുംബത്തിൽ നിന്ന് സന്തോഷത്തിന് സമ്മാനമായി മറ്റൊന്നും വരില്ല.

# എന്റെ ഗ്രാമം

ഗ്രാമം എന്നാൽ കുന്നും, മരങ്ങളും, പൂക്കളും, ചെടികളും ഒക്കെ കൊണ്ട് മനോഹരമായ ഒരു പ്രദേശമാണ്. ഗ്രാമത്തിന്റെ സമൃദ്ധിയും, പരിശുദ്ധിയും ഒന്ന് വേറേ തന്നെയാണ്. ഗ്രാമവാസികളുടെ സ്നേഹത്തിലും ദ്വേഷത്തിലും കാപട്യമില്ല. ആത്മാർത്ഥതയുടെ ആവാസഭൂമിയാണ് ഗ്രാമം.

ഏന്തയാർ ആണെന്റെ ഗ്രാമം. കോട്ടയം ജില്ലയിലാണ് ഏന്തയാർ സ്ഥിതി ചെയ്യുന്നത്. ഇത് ഇടുക്കി ജില്ലയോട് ചേർന്ന് കിടക്കുന്നു. കുന്നുകളും, മരങ്ങളും, പൂക്കളും ഒക്കെ കൊണ്ട് മനോഹരമായ പ്രദേശമാണ് ഏന്തയാർ. എല്ലാ മതസ്ഥരും ഒരുമിച്ച് സ്നേഹത്തോടെ കഴിയുന്ന ഇടമാണ് ഏന്തയാർ. എല്ലാ മതസ്ഥരുടെയും ആരാധനാലയങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു. മാത്രമല്ല, വിദ്യാഭ്യാസ സ്ഥാപനങ്ങളാൽ അനുഗ്രഹീതമാണ് ഏന്തയാർ. ആശുപത്രികളും, വ്യാപാരസ്ഥാപനങ്ങളും ഇവിടെ സ്ഥിതി ചെയ്യുന്നു. മണിമലയാറിന്റെ ഉത്ഭവസ്ഥാനം ഏന്തയാറിന്റെ കുന്നിൻ ചെരുവിൽ നിന്നുമാണ്.

ഏന്തയാറിലെ ജനങ്ങളുടെ പ്രധാനകൃഷി റബ്ബറാണ്. അയർലണ്ടുകാരനായ ജോൺ ജോസഫ് മർഫി കേരളത്തിലാ വന്ന് റബ്ബർ കൃഷിയെ കുറിച്ച് ധാരാളം പഠനങ്ങളും പരീക്ഷണങ്ങളും നടത്തി. സ്വമാതാവിന്റെ ഓർമ്മക്കായി തന്റെ എസ്റ്റേറ്റിനും എൻ തയാർ എന്ന് പേരിടുകയുണ്ടായി. സുദീർഘമായ സേവനത്തിനു ശേഷം മൺമറഞ്ഞ ആ മാനവശ്രേഷ്ഠൻ തന്റെ തൊഴിലാളികളോടൊപ്പം ഏന്തയാർ സെന്റ് ജോസഫ് പള്ളി ശ്മശാനത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

എന്റെ ഗ്രാമം വളരെ ഭംഗിയുള്ളതാണ്. ഗ്രാമത്തിന്റെ സ്നേഹവും സന്തോഷവും സമൃദ്ധിയും സുഖവും വെടിഞ്ഞ് നാം നഗരവത്കരണത്തിലേക്ക് പോകരുത്.

# മലയാള ഭാഷയുടെ ചരിത്രവും സ്വഭാവവും

ഇന്ന് വളരെ വികസിതമായ ഒരു ഭാഷയാണ് മലയാളം. ആധുനിക ഭാഷയുടെ എല്ലാ ആശയങ്ങളും മലയാളത്തിൽ പ്രകടിപ്പിക്കാനാവും. പഴയകാലത്ത് കാര്യങ്ങൾ ഇന്ന് കാണുന്നതുപോലെ ആയിരുന്നില്ലല്ലൊ. അക്കാലത്ത് സാമൂഹിക പുരോഗതി വളരെ കുറവായിരുന്നു. കുരേശ്ശെ സമൂഹത്തിലെ എല്ലാ തലങ്ങളും അഭിവൃദ്ധിപ്പെട്ടു, ഇത് ഭാഷയുടെ വികാസത്തെയും പുരോഗതിയിലേയ്ക്ക് നയിച്ചു. ഇങ്ങനെ ശാസ്ത്രസാങ്കേതികവിദ്യയാൽ സമ്പന്നമാക്കപ്പെട്ടു കൊണ്ടിരിക്കുന്ന സമൂഹിക വികസനത്തിനനുസരണമായി നമ്മുടെ മലയാളഭാഷ അത്ത്യുന്നതമായ വികാസത്തിൽ എത്തിച്ചേർന്നു. പുരോഗതിയുടെ കാര്യത്തിൽ മലയാളഭാഷയ്ക്ക് ഇംഗ്ലിഷ് ഭാഷയെ പോലും കടത്തിവെട്ടാനാകും.

തമിഴ്, കന്നട, തെലുങ്ക് എന്നീ ഭാഷകളെ പോലെ തന്നെ മലയാളവും ദക്ഷിണേന്ത്യൻ ദ്രാവിഡഭാഷയുടെ കുടുംബത്തിലെ ഒരംഗമാണ്. മലയാളത്തെ ഒരു പുരാതനഭാഷയായിട്ടല്ല കാണുന്നത്, എന്നാലോ, ദ്രവീഡിയൻ ഭാഷാകുടുംബത്തിലെ ഏറ്റവും ഇളയ ഭാഷയായിട്ടാണ്. മലയാളത്തിന് തമിഴുമായി അഭേദ്യമായ ബന്ധമുണ്ട്. പഴയകാലത്ത് ഭരണഭാഷ എന്ന് പറയുന്നത് തമിഴോ സംസ്കൃതമോ ആയിരുന്നു എന്നത് മലയാളഭാഷയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. തുടർന്ന് വിവിധ ആര്യഭാഷകളും മലയാളത്തെ സ്വാധീനിച്ചു.

മലയാളത്തിന്റെ പദസഞ്ചയം സംസ്കൃതത്തിന്റെയും തമിഴിന്റെയും വളരെയധികം പദങ്ങളെ ഉൾകൊള്ളുന്നു. യൂറോപ്യൻമാരുടെ ആഗമനം ഇംഗ്ലീഷ്, ഫ്രഞ്ച്, ഡച്ച്, എന്നിങ്ങനെയുള്ള ഭാഷകളിൽ നിന്നുള്ള പദങ്ങൾ കൊണ്ട് മലയാളത്തെ കൂടുതൽ സമ്പന്നമാക്കി. ഏറെക്കുറെ മലയാളത്തിന് സംസ്കൃത ഭാഷ നല്കിയിടത്തോളം പദങ്ങളെ ഇംഗ്ലീഷും സമ്മാനിച്ചിട്ടുണ്ട്. ഉദാഹരണത്തിന് കയർ, കൊപ്ര, കട്ടമരം എന്നിങ്ങനെയുള്ള പദങ്ങൾ ഇംഗ്ലീഷിന്റെ സംഭാവനയാണ്.

ക്രിസ്ത്യാബ്ദം 830 – ൽ രചിക്കപ്പെട്ടിട്ടുള്ള വാഴപ്പള്ളി രേഖകളാണ് രേഖപ്പെടുത്തിയിട്ടുള്ളതിൽ വച്ച് മലയാളത്തിന്റെ ഏറ്റവും പഴക്കമുള്ള എഴുത്ത്. പുരാതന എഴുത്ത് ഗ്രന്ഥങ്ങളിൽ നിന്നുമാണ് ഇത് ലഭിച്ചിട്ടുള്ളത്. 37 വ്യഞ്ചനങ്ങളും 16 സ്വരങ്ങളും ആണ് മലയാളത്തിനുള്ളത്.

# കഥയരങ്ങ്

# അണ്ണാൻക്കുഞ്ഞും തന്നാലായത്

രാമലക്ഷ്മണൻമാരുടെയും സീതയുടെയും വനവാസക്കാലം. രാമലക്ഷമണൻമാർ പർണശാലയിൽ ഇല്ലാത്ത സമയം നോക്കി രാണൻ സീതയെ ബലമായി പിടിച്ച് പുഷ്പകവിമാനത്തിൽ കയറ്റി ലങ്കയിലേയ്ക്ക് കൊണ്ടുപോയി.

വിവരമറിഞ്ഞ രാമലക്ഷ്മണൻമാർ സീതാന്വേഷണത്തിന് പുറപ്പെട്ടു. ഹനുമാന്റെ നേതൃത്വത്തിൽ വാനരപ്പടയും സഹായത്തിനെത്തി. സമുദ്രബന്ധനം നടത്തി ലങ്കയിൽ എത്താൻ തീരുമാനിച്ചു.

എല്ലാവരും കഠിനാധ്വാനം ചെയ്ത് ചിറ നിർമ്മിച്ചുകൊണ്ടിരുന്നു. മണ്ണ് കൊണ്ടുവന്ന് സമുദ്രത്തിൽ ഓരോരുത്തരും ഇട്ടു. എല്ലാവരും അവരവരുടെ കഴിവിന്റെ പരമാവധി പണി ചെയ്തു. എല്ലാ പണികൾക്കും നേതൃത്വം കൊടുത്തുകൊണ്ട് ശ്രീരാമലക്ഷ്മണൻമാരും ഉണ്ടായിരുന്നു. അപ്പോൾ ഒരു അണ്ണാൻക്കുഞ്ഞ് ചിറ കെട്ടാൻ മണ്ണ് കൊണ്ടുവന്ന് ഇടുന്നത് കണ്ടു. അണ്ണാൻക്കുഞ്ഞ് മണ്ണിൽ കിടന്ന് ഉരുളുകയും ദേഹത്ത് പറ്റിപ്പിടിച്ച മണ്ണ് കൊണ്ട് ഓടി ചിറ കെട്ടുന്നിടത്ത് കുടഞ്ഞിടുകയും ചെയ്തു. ഈ പ്രവൃത്തി ഇങ്ങനെ ഇടതടവില്ലാതെ അണ്ണാൻ കുഞ്ഞ് ചെയ്യുന്നത് രാമലക്ഷ്മണൻമാർ  കണ്ടു.

അണ്ണാൻ കുഞ്ഞ് തന്നാൽ കഴിയുന്ന സഹായം ചിറയുടെ പണിക്കുവേണ്ടി ചെയ്യുന്നത് കണ്ടപ്പോൾ രാമന് വലിയ സന്തോഷം തോന്നി. രാമൻ അണ്ണാൻ കുഞ്ഞിനെ സ്നേഹപൂർവ്വം കൈയ്യിലെടുത്ത് അതിന്റെ പുറത്ത് മൂന്ന് വിരൽ കൊണ്ട് തലോടി. മനോഹരമായ മൂന്ന് വരകൾ അതിന്റെ പുറത്ത് തെളിഞ്ഞു വന്നു. സ്നേഹത്തിന്റെ മുദ്രയാണ് ആ വരകൾ. ആ അണ്ണാൻ കുഞ്ഞിന്റെ പരമ്പരയുടെ മുകളിൽ മൂന്ന് വരകൾ ഇന്നും തെളിഞ്ഞു കാണാം.

**അണ്ണാൻ കുഞ്ഞും തന്നാലായത്** എന്നാണല്ലോ പഴമൊഴി.

# തെറ്റ് ആരുടേതാണ്?

മൂന്നാം ക്ലാസ്സുകാരി സൂര്യക്ക് മൂന്ന് വയസ്സുകാരി അനിയത്തി ആര്യയുണ്ട്. അനിയത്തിയെ ചേച്ചിക്ക് വലിയ ഇഷ്ടമാണ്. ചേച്ചി മുട്ടുകുത്തി നിന്ന് ആനയായി അനിയത്തിയെ പുറത്തുകയറ്റി മുറിയിൽ കൊണ്ടു നടക്കും. അനിയത്തി ആനപ്പുറത്തിരുന്ന് ചിരിക്കും.

കളി കഴിഞ്ഞാൽ സൂര്യ പഠിക്കാൻ തുടങ്ങും. അപ്പോൾ ആര്യ വന്ന് പെൻസിലും പുസ്തകങ്ങളുമെല്ലാം എടുക്കും. ഒരു ദിവസം പെൻസിൽ എടുത്ത് പുസ്തകത്തിൽ വരച്ചു. സൂര്യ അമ്മയോട് പറഞ്ഞു. അപ്പോൾ അമ്മ അര്യയോട് പറഞ്ഞു, “നീ ഇനി ചേച്ചിയുടെ പുസ്തകത്തിൽ വരച്ചാൽ അടിച്ച് തുടപൊട്ടിക്കും”, എന്ന്.

ഒരിക്കൽ സൂര്യ എഴുതിക്കൊണ്ടിരുന്നപ്പോൾ ആര്യ വന്ന് അതിൽ കുത്തിവരച്ചു. പുസ്തകത്തിൽ വരക്കരുതെന്ന് സൂര്യ ആര്യയോട് പറഞ്ഞു. അവൾ അനുസരിച്ചില്ല, വരച്ചിട്ട് ഓടി. സൂര്യക്ക് സങ്കടം വന്നു. അവൾ ആര്യയെ അടിച്ചു. ആര്യ കരയുന്നത് കേട്ട് അമ്മ അടുക്കളയിൽ നിന്ന് വന്നു. ആര്യയെ സൂര്യയെ അടിച്ചു എന്ന് കേട്ടപ്പോൾ അമ്മ സൂര്യയെ വഴക്കുപറഞ്ഞു.

"നീ എന്തിനാ കൊച്ചിനെ തല്ലിയത്?”, അമ്മ ചോദിച്ചു. "എന്റെ പുസ്തകത്തിൽ കുത്തിവരച്ചിട്ടാ, സൂര്യ മറുപടി പറഞ്ഞു. ബുക്കിൽ കുത്തിവരച്ചതിന് തല്ലാമോ?”, അമ്മ ചോദിച്ചു. "ബുക്കിൽ കുത്തിവരച്ചാൽ അടിച്ചു തുടപൊട്ടിക്കുമെന്ന് അമ്മയല്ലെ പറഞ്ഞത്”... സൂര്യ പറഞ്ഞതുകേട്ട് അമ്മക്ക് മറുപടി പറയാൻ കഴിഞ്ഞില്ല.

"കുട്ടികൾ തെറ്റ് ചെയ്യുന്നതിന്റെ മൂലകാരണം തേടിയാൽ പല തെറ്റുകൾക്കും കാരണം മുതിർന്നവരാണെന്ന് കണ്ടെത്താൻ കഴിയും"

# നിധി

ഒരാൾ ഒരു ദിവസം കാട്ടിൽ ചെന്ന് കിളച്ചപ്പോൾ അത്ഭുതമന്ന് പറയട്ടെ ഒരു ആഭരണപ്പെട്ടി പൊങ്ങി വന്നു. ഏതോ കള്ളൻമാർ ഒളിച്ചു വച്ചതായിരുന്നു അത്. സന്തോഷവാനായി വീട്ടിൽ ചെന്ന അയാൾ തനിക്ക് നിധിയായി ലഭിച്ച ആ പെട്ടിയിലെ ആഭരണങ്ങളെല്ലാം തന്റെ ഭാര്യയെ അണിയിച്ചു. അണിയിച്ചതെങ്ങനെയെന്നോ?, അരഞ്ഞാണെ കഴുത്തിലും മാല അരയിലും. ഇങ്ങനെ എല്ലാം മാറ്റിയാണ് അണിയിച്ചത്. സർവ്വാഭരണവിഭൂഷിതയായി അവൾ ആഭരണ പ്രദർശനത്തിനായി തെരുവീഥിയിലേക്ക് ഇറങ്ങി. ജനങ്ങൾ ആർത്തു ചിരിച്ചില്ലെങ്കിലല്ലെ അത്ഭുതമൊള്ളു!

ഈ കഥ ഞൊടിയിടയിൽ നാട്ടു മുഴുവൻ പരന്നു. അങ്ങനെ വാർത്ത രാജകൊട്ടാരത്തിലെത്തി. രാജാവ് അയാളെയും ഭാര്യയെയും വിളിപ്പിച്ചു. ആഭരണങ്ങൾ കണ്ടു രാജാവിന് അത് തന്റെ കൊട്ടാരത്തിൽ നിന്നും കളവു പോയതാണെന്ന് മനസ്സിലായി. ആഭരണങ്ങൾ പരസ്പരം മാറ്റി മാറ്റി അണിഞ്ഞിരിക്കുന്ന ആ സ്ത്രീയെ കണ്ടപ്പോൾ രാജാവിനും ചിരിയടക്കാൻ കഴിഞ്ഞില്ല.

ആ വിഡ്ഡിയുടെ കഥ കേട്ട് ചിരിയടക്കി, ശിക്ഷയൊന്നും നല്കാതെ അദ്ദേഹം അവരെ പറഞ്ഞയച്ചു.

# കവിതാവേദി

# നിനക്കായി

വാനിൻ നടുവിലായി

വിടരും നക്ഷ്ത്രകണികയിൽ

നിൻ മുഖതേജസ്സും

കണ്ടു മയങ്ങി ഞാൻ.

മണ്ണിൻ ചിറകിനടിയിലെ

മാമല തൻ മടിത്തട്ടിൽ

നിന്നരികത്തായി എന്നു

ഞാൻ നിനക്കവേ

ഒഴുകിയ മണ്ണിൻ കണത്തിൽ

ഒരു പുഷ്പമായി വിരിയും

നിൻ ശോഭയിൽ

ഞാൻ മയങ്ങവേ

കളം കളം പാടിയൊഴുകും

കാട്ടാറിൻ തീരങ്ങളിൽ

പച്ചപ്പട്ടുടുത്തു നില്ക്കും

ഭൂമിതൻ വിരിമാറിൽ

പെയ്യും മഴതൻ സംഗീത-

ത്തിൽ നിൻ സ്വരവും

രാഗവും അലിയുന്നു

നിനക്കായി ഞാനും....

# ഭൂമിതൻ വാക്കുകൾ

കുളിർ കാറ്റിൻ തൂമന്ദഹാസം
മഞ്ഞിൻ പൊൻവിളി
നീയെൻ അരികത്ത് ചിത്രമായി
വിരിയും പൂവിതളിൽ
അലയും നന്ദമാരുതൻ
കൈകളിൽ ഇരിക്കും
സുഗന്ധമായി കൂകും കുയിലിൻ
കൂജനത്തിൽ നിൻ വാക്കുകൾ
അണയും നിൻ ചിറകിൽ
അടിയിൽ തളർന്നിര്ക്കും
എൻ ഉള്ളിൽ സ്നേഹ
ഗീതത്തിൻ ചിലമ്പൊലികൾ
പറന്നുയരും പക്ഷിതൻ
ചുണ്ടിൽ വിരിയും
സൗന്ദര്യത്തിൽ നീ എന്നി-
ലലിയുമീ വേളയിനൽ
സ്വർഗമീഭൂമി എനിക്കന്യ-
മാവുകയോ നി എന്നിൽ
അർപ്പിക്കും സ്നേഹഗീതം
എന്നിലായി വിടരുമോ?

# രാത്രി

കുളിർ കാറ്റും പൂമഴയും
ആകാശ ചെരുവിൽ
പുഞ്ചിരി പൊഴിച്ചു
നിൽക്കും താരവും
കാറ്റിൻ സുഗന്ധം വീശും
പാതിരാ മുല്ലയും
എന്റെ മനസ്സിൽ
ആയിരം വസന്തം വിരിഞ്ഞു
ഭൂമിതൻ മാറിൽ വിരിയിച്ച
പട്ടുടയാടയിൽ നിൻ
പാദനിസ്വനം കേൾക്കാൻ
കാതോർത്തിരിക്കവേ
എവിടെ നിന്നോ കേൾക്കും
കുയിൽ കൂജനം നിൻ
കാതിന് ഇമ്പമേകുന്നു
രാവിന് വിട.

# കടംകഥകൾ

- മലയിലെ അമ്മക്ക് നെറുകയിൽ പൂവ് - കൈതച്ചക്ക
- മൂന്ന് അമ്മമാരിരുന്ന് വെന്ത് നീറുന്നു - അടുപ്പുകല്ല്
- മക്കളൊക്കെ വെന്താലും പെറ്റ തള്ളക്ക് അലിവില്ല – തീപ്പെട്ടി
- മണിയടിച്ചാൽ മലമ്പാമ്പ് ഓടും - തീവണ്ടി
- മിണ്ടാതെ കാര്യം പറയാൻ മുഖം മൂടിയെടുത്ത് മൂട്ടിലിട്ടു - പേന
- മേലേവീട്ടിൽ മുത്തശ്ശി പൊട്ടിച്ചിരിച്ച് പേടിപ്പിക്കും - ഇടിവെട്ട്
- മുറ്റത്ത് നില്ക്കും കുഞ്ഞേച്ചി പിള്ളേരെ കരയിക്കും - കാന്താരി
- മുള്ളുണ്ട് മുരിക്കല്ല, കൊമ്പുണ്ട് കുത്തില്ല, പാലുണ്ട് പശുവല്ല – ചക്ക
- മുള്ളുണ്ട് മുരിക്കല്ല, കൈപ്പുണ്ട് കാഞ്ഞിരമല്ല – പാവക്ക
- മേലെല്ലാം ചിരങ്ങുണ്ട്, രോഗിയല്ല. തലയിൽ പൂവുണ്ട്, കോഴിയല്ല. ചുറ്റിലും മുള്ളുവേലിയുള്ള ഞാനാര് - കൈതച്ചക്ക
- ആയിരം പോലീസുകാർക്ക് ഒരു ബെല്റ്റ് - ചൂല്
- ആയിരം ഞൊറിയിട്ടിട്ടും ഉടുക്കാനാകാത്ത സാരി - കടൽ
- ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മൊട്ട – കടുക്
- ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ – കണ്ണ്
- എത്ര തല്ലിയാലും ഒരിറ്റ് കണ്ണീർ വരില്ല – ചെണ്ട
- പിടിച്ചാൽ പിടികിട്ടില്ല, വെട്ടിയാൽ വെട്ടേക്കില്ല – വെള്ളം

# കലാകേരളം

# കലാകേരളം

ലോകോത്തരമായ പല കലാ രൂപങ്ങൾക്കും ജന്മം കൊടുത്ത നാടാണ് കേരളം. പല കാലങ്ങളിൽ പിറന്ന് പരസ്പരം കൊണ്ടും കൊടുത്തും വളർന്ന അത്തരം കലകൾ നമ്മുടെ സംസ്കാരത്തിന്റെ ഈടുവയപ്പുകളാണ്.

കൂടിയാട്ടം - കലകളുടെ മുത്തശ്ശി

ഇന്ത്യയിൽ ഇന്ന് നിലവിലിരിക്കുന്ന അഭിനയ കലകളിൽ ഏറ്റവും പൗരാണികമായ കലാരൂപമാണ് കൂടിയാട്ടം. സംസ്കൃത നാടകങ്ങളുടെ കേരളീയ രീതിയിലുള്ള ഈ കലാരൂപത്തിന് രണ്ടായിരം വർഷത്തെ എങ്കിലും പാരമ്പര്യമുണ്ടെന്നാണ് കരുതപ്പെടുന്നത്. നായകനും നായികയും കൂടിയുള്ള ആട്ടമായതിനാലാണ് ഇതിന് കൂടിയാട്ടം എന്ന് പേര് ലഭിച്ചത്. ആധുനിക രീതിയിലുള്ള നാടകങ്ങൾ കേരളത്തിൽ അരങ്ങേറിത്തുടങ്ങിയ കാലത്തുപോലും സ്ത്രീ വേഷങ്ങൾ പുരുഷൻമാരാണ് അഭിനയിച്ചിരുന്നത് എന്നറിയുമ്പോഴാണ് കൂടിയാട്ടത്തിന്റെ മഹത്വം വർദ്ധിക്കുന്നത്.ചാക്യാൻമാരാണ് കൂടിയാട്ടത്തിൽ പുരുഷവേഷം കൈകാര്യം ചെയ്യുപന്നത്. സ്ത്രീകളായ നങ്യാൻമാർ സ്ത്രീ വേഷങ്ങളും.

കൂടിയാട്ടത്തിൽ സ്ത്രീകൾ അഭിനയിക്കുന്നതിന് പിന്നിൽ രസകരമായ ഒരു ഐതിഹ്യകഥയുണ്ട്. ബ്രഹ്മാവ് പഞ്ചമവേദമായി നാട്യം സൃഷ്ടിച്ചതനുസരിച്ച് ഭരതമുനിയും പുത്രൻമാരും ദേവസദസ്സിൽ നാടകങ്ങൾ അവതരിപ്പിച്ചു പോന്നു. പക്ഷേ, സ്ത്രീകളുടെ അഭാവം മൂലം ശൃംഗാരാധിരസങ്ങൾക്കും ആടയലങ്കാരാധികൾക്കും നിറവ് കൈവരാത്തതിനാൽ നാടകങ്ങൾക്കും പൂർണ്ണത ലഭിക്കുന്നില്ലെന്ന അഭിപ്രായം ദേവസദസ്സിലുണ്ടായി. അതിനു പരിഹാരമായി ബ്രഹ്മാവ് സുന്ദരികളും വിദഗ്ദകളുമായ 24 അപ്സരസ്സുകളെ സൃഷ്ടിച്ച് നാട്യപരിശീലനത്തിനായി ഭാരതമുനിയെ ഏൽപ്പിച്ചു. ഇവരാണത്രേ ആദ്യ അഭിനേത്രികൾ. അവരിൽ കേരള എന്ന അപ്സരസ്സിന്റെ പിൻതലമുറക്കാരാണത്രേ സ്ത്രീകളായ നങ്യാൻമാർ

## മറ്റു ചില കലകൾ

കൃഷ്ണനാട്ടം - കൃഷ്ണഗീതിയുടെ ദൃശ്യരൂപം

കഥകളി - പൂർണ്ണതയുടെ കല

മോഹിനിയാട്ടം - ലാസ്യനൃത്ത പൂർണ്ണത

ഭരതനാട്യം

മാർഗംകളി

ഒപ്പന

തിരുവാതിര

ചാക്യാർകൂത്ത്

കുച്ചിപ്പുടി

കേരളനടനം

# നന്ദി

**കടപ്പാടും നന്ദിയും വാക്കുകളിൽ ഒതുക്കാനാവില്ല എന്നറിയാം. എങ്കിലും ഇപ്പോൾ ഞങ്ങളുടെ ഉള്ളിൽ നിറയുന്നത് നന്ദി എന്ന രണ്ട് അക്ഷരങ്ങളാണ്.**

**പരമകാരുണ്യവാനായ ദൈവത്തോട് ആത്മാർത്ഥതയുടെയും വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും അർത്ഥം ഇനി വരും ജന്മങ്ങളിലും മറക്കാനാവാത്ത വിധം പറഞ്ഞു തന്നവർക്ക് .........**

**ആർദ്രമായ മനസ്സാണ് നിങ്ങൾക്കുള്ള ഉപഹാരം**